(ബി) 22.

(സി) ഇല്ല.

(ഡി) ബസ്സുകൾ ഓടിക്കൊണ്ടിരിക്കുന്ന റോഡുകൾ മെറ്റൽ ചെയ്യണമെന്നാണ് ഗവണ്മെന്റിന്റെ ഉദ്ദേശം.

ആശുപത്രി കൾ.

* 901. [23] ശ്രീ. പി. കെ. യശോധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം ഏതെങ്കിലും ആശുപത്രികൾ അപ്ഗ്രേഡ് ചെയ്യുന്നുണ്ടോ ;

(ബി) കായംകുളം ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതു സംബന്ധിച്ച് വല്ല നടപടിയും കൈക്കൊണ്ടിട്ടുണ്ടോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

മദ്യനിരോധന കമ്മിഷൻ.

* 902. [25] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മേയ് 24-ാംതീയതി സംസ്ഥാനത്തെത്തിയ മദ്യനിരോധന കമ്മിഷൻ ആരുടെ നിർദ്ദേശപ്രകാരമാണ് ഇവിടെ എത്തിയതു് ;

(ബി) കമ്മിഷൻ ആരിൽ നിന്നെല്ലാം അഭിപ്രായങ്ങൾ ശേഖരിച്ചിട്ടുണ്ടു് ;

(സി) കമ്മിഷന്റെ റിപ്പോർട്ട് ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) പ്ലാനിംഗ് കമ്മിഷന്റെ നിർദ്ദേശപ്രകാരം.

(ബി) സീനിയർ ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാരിൽനിന്നും വിവിധമണ്ഡലങ്ങളിലുള്ള അനുദ്യോഗസ്ഥന്മാരിൽനിന്നും.

(സി) കമ്മിഷന്റെ സമ്പൂർണ്ണ റിപ്പോർട്ട് ഇതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

ബസ്സുടമകളുടെ മോട്ടോർപ്പണിമുടക്ക്.

* 903. [27] ശ്രീ. എ. സി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തു് ഏതെങ്കിലും ബസ്സുടമയ്ക്കു് മോട്ടോർപ്പണിമുടക്കുണ്ടോ ;

(ബി) അതിനുള്ള മാനദണ്ഡമെന്താണു് ;

(സി) ഈ നയം തുടരണമെന്നുദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഇല്ല.
(ബി & സി.) ഉത്തരം ആവശ്യമില്ല.

വിദ്യുച്ഛക്തി വിതരണം.

* 904. [34] ശ്രീ. സി. സി അയ്യപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ഗ്രാമങ്ങളുടേയും ആവശ്യത്തിനു് ഇലക്ട്രിസിറ്റി കൊടുക്കാൻ കഴിയുമെങ്കിൽ ആകെ എത്ര ഇലക്ട്രിസിറ്റി വേണ്ടിവരുമെന്നു ഗവണ്മെന്റ് കണക്കെടുത്തിട്ടുണ്ടോ ;

(ബി) ഇപ്പോൾ ആകെ എത്ര ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കുന്നുണ്ടു് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) സംസ്ഥാനത്തെ എല്ലാ ഗ്രാമങ്ങളിലും ഇലക്ട്രിസിറ്റി കൊടുക്കുന്നതിനു് ആകെ എത്ര ഇലക്ട്രിസിറ്റി വേണ്ടിവരുമെന്നു് കൃത്യമായി ഒരു കണക്കും ഇതുവരെയും എടുത്തിട്ടില്ല. വിപുലമായ ഒരു സർവ്വെനടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടു്. സംസ്ഥാനം ഒട്ടാകെ ഇലക്ട്രിസിറ്റി വിതരണത്തിനു് ഇപ്പോഴത്തെ നിരക്കനുസരിച്ചു് പീട്ടാവശ്യത്തിനും പൊതുആവശ്യങ്ങൾക്കുംവേണ്ടി മാത്രം ഏകദേശം 2600 ലക്ഷം യൂണിറ്റ് ഇലക്ട്രിസിറ്റി ആണ്ടിൽ ആവശ്യമുണ്ടായിരിക്കും.

(ബി) ഇപ്പോൾ ഉദ്ദേശം 3000 ലക്ഷം യൂണിറ്റ് ഇലക്ട്രിസിറ്റി ആണ്ടിൽ ഉൽപ്പാദിപ്പിക്കുന്നുണ്ടു്. ഇതിൽ പുത്തിൽ ഒരുഭാഗം മാത്രമേ വീട്ടാവശ്യങ്ങൾക്കു കൊടുക്കുവാൻ സാധിക്കുന്നുള്ളൂ.

പട്ടികജാതി വിദ്യാർത്ഥികൾ

* 905. [38] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ബഡ്ജറ്റവർഷത്തിൽ കോളേജുകളിലും ഹൈസ്കൂളുകളിലുമായി പഠിക്കുന്ന പട്ടികജാതിക്കാരുടെയും മറ്റു പിന്നാക്കസമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെയും ലിസ്റ്റ് ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഹൈസ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾ എത്ര ; മറ്റു പിന്നാക്കസമുദായ വിദ്യാർത്ഥികൾ എത്ര ;

(സി) ഓരോ കോളേജുകളിലും പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾ എത്ര; മറ്റു പിന്നാക്കസമുദായ വിദ്യാർത്ഥികൾ എത്ര ;

(ഡി) ഇവർക്കു നേരത്തേകൊടുത്ത സ്റ്റൈപ്പൻഡും സ്കോളർഷിപ്പും മറ്റു സാമ്പത്തികസഹായവും നൽകുന്നതിനു ഗവണ്മെന്റ് ശ്രദ്ധിക്കുമോ ;

(ഇ) ഈ വർഷം കോളേജുകളിലും ഹൈസ്കൂളുകളിലും പഠിക്കുന്ന ഓരോ വിഭാഗത്തിനും എന്തൊക്കെ സഹായങ്ങളാണു് ഗവണ്മെന്റ് ചെയ്യുന്നതു് ?

LIBRARY ARCHIVES Kerala Legislative Assembly